കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.
(പി.14) 1007/2025)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 07/10/2025
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ. തീയ്യതി: 07/10/2025
(പി.14) 1007/2025)

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-10-2024 മുതൽ 30-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
റഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	04-07-2025	14-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-07-2025	14-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മീര ടി. (ഓഡിറ്റ് ഓഫീസർ)
ഹണി കെ. എസ്. (ഓഡിറ്റ് ഓഫീസർ)
സുധ ഇ. എൻ. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ജോയ്സൻ സി. ജെ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
രഘുനാഥൻ വി. കെ.	പ്രസിഡന്റ്	01-04-2024	30-11-2024
ലില്ലി ജോസ്	പ്രസിഡന്റ്	01-12-2024	17-12-2024
ശ്രീകല കുഞ്ഞുണ്ണി	പ്രസിഡന്റ്	18-12-2024	31-03-2025
ലേഖ വി.	സെക്രട്ടറി	01-04-2024	13-05-2024
ഷാജു ആന്റണി വി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	14-05-2024	19-05-2024
സന്തോഷ് കെ. ആർ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	20-05-2024	27-05-2024
ലേഖ വി.	സെക്രട്ടറി	28-05-2024	15-10-2024
ബിന്ദു ഫ്രാൻസിസ് ഒ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-10-2024	19-12-2024
അനൂപ് കുമാർ എൻ.	സെക്രട്ടറി	20-12-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സന്തോഷ് കെ. കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-05-2024
അജിഷ ആർ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-06-2024	14-10-2024
സുബിത സി. എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	15-10-2024	31-03-2025
റിയ ജോസഫ്	കൃഷി ഓഫീസർ	01-04-2024	10-12-2024
ഡോ. ജസ്ന മരിയ	കൃഷി ഓഫീസർ (ഇൻചാർജ്)	11-12-2024	15-12-2024
മനീഷ പി. കെ.	കൃഷി ഓഫീസർ	16-12-2024	31-03-2025
സുലൈമാൻ എ. എ.	ഫിഷറീസ് ഓഫീസർ	01-04-2024	31-03-2025
ഡോ. ശാലിനി ശിവദാസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ. പ്രീതി എം. പി.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
അഞ്ജന വി.	വി ഇ ഒ (തോളൂർ സർക്കിൾ)	01-04-2024	31-03-2025
അശ്വതി പി.	വി.ഇ.ഒ. (എടക്കളത്തൂർ സർക്കിൾ)	01-04-2024	31-03-2025

ഡോ. ഷിബു കുമാർ	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീനാഥ് സി. യു.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ഗീത പി. പി.	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ. കിഷോർകുമാർ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	01-04-2024	31-05-2024
ഡോ. രേഖ പി.	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) - ഇൻചാർജ്	01-06-2024	31-08-2024
ഡോ. ഷീന കെ. വാസു	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	01-09-2024	31-03-2025
എൽസി വി. കെ.	ഹെഡ്മിസ്ട്രസ് (ജി.ഡബ്ല്യു.യു.പി.എസ്, പോന്നോർ)	01-04-2024	31-03-2025
സന്തോഷ് കെ.ആർ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	28-04-2024
ഷാജു ആന്റണി വി.	അസിസ്റ്റന്റ് സെക്രട്ടറി	29-04-2024	19-05-2024
സന്തോഷ് കെ. ആർ.	അസിസ്റ്റന്റ് സെക്രട്ടറി	20-05-2024	17-09-2024
ബിന്ദു ഫ്രാൻസിസ് ഒ.	അസിസ്റ്റന്റ് സെക്രട്ടറി	18-09-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-2
4	കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-3
5	വാർഷിക കണക്ക് പ്രകാരവും സുലേഖ ചെലവ് പത്രിക / ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരവുമുള്ള ചെലവ് പ്രൊജക്ട് പ്രകാരമുള്ള യഥാർത്ഥ ചെലവിനേക്കാൾ അധികമായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു	1-1-4
6	പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല	1-1-5
7	അഡ്വാൻസ് ശീർഷകത്തിലെ നീക്കിയിരിപ്പ് ആസ്തിയായി ക്രമീകരിച്ചിട്ടില്ല	1-1-6
8	പാർട്ട് ബിൽ നൽകിയ തുകകൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-7
9	ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകൾ, വൗച്ചറുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്	1-1-8
10	അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല	1-1-9
11	വസ്തുനികുതി- വാർഷിക കണക്കും സഞ്ചയ ഡി.സി.ബി.യും പൊരുത്തപ്പെടുന്നില്ല	1-1-10
12	മൂലധനച്ചെലവുകൾ അനുയോജ്യമായ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല	1-1-11
13	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-12
14	ബജറ്റ്	1-2
15	ഫണ്ട് വിനിയോഗം	1-3
16	പദ്ധതി അവലോകനം	1-4
17	തൊഴിലുറപ്പ് പദ്ധതി	1-5
18	ക്ഷേമ പദ്ധതികൾ	1-6
19	ക്യാഷ് വെരിഫിക്കേഷൻ	1-7
20	ആഭ്യന്തരനിയന്ത്രണം	1-8
21	IFTE & OS ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിച്ചു വരുന്നു	1-9
22	കരാറുകാരിൽ നിന്നും തൊഴിൽനികുതി,സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല	1-10
23	വനിത വ്യവസായ കേന്ദ്രത്തിന്റെ മുറികൾ ഒഴിഞ്ഞു കിടക്കുന്നു	1-11
24	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല	1-12
25	ഗ്രാപഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന ടർഫിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല	1-13
26	പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല, സർക്കാർ ഉത്തരവിന്റെ(സ.ഉ.(കൈ) 77/2023/ത.സ്വ.ഭ.വ തീയതി 22.3.2023)തുടർനടപടികൾ സ്വീകരിച്ചിട്ടില്ല	1-14
27	പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല	1-15
28	ഇ ടെണ്ടർ ഫീ- ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല	1-16
29	അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്റ്റ്-കരാറുകാരന് തുക നൽകിയതിൽ ഇരട്ടിപ്പ് -തുക പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.	1-17
30	വനിതകൾക്ക് മെനുസ്ട്രുവൽ കപ്പ് - പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല	1-18
31	തുക മുൻകൂർ നൽകിയിട്ടും നാളിതു വരെ മരുന്നുകൾ ലഭ്യമായില്ല	1-19
32	വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-20
33	മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-21
34	ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-22
35	രേഖകൾ ഹാജരാക്കിയിട്ടില്ല	1-23
36	മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം - പ്രോജക്ട് പൂർത്തിയാക്കിയിട്ടില്ല	1-24
37	വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല	1-25
38	കരാട്ടെ പരിശീലനം - യൂണിഫോം വിതരണം – അപാകതകൾ	1-26
39	കളിയുപകരണങ്ങൾ നാളിതുവരെ ഉപയോഗപ്രദമാക്കിയിട്ടില്ല	1- 27
40	പ്രോജക്ട് നിർവഹണം - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല	1-28
41	ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം	1-29
42	ജല ജീവൻ മിഷൻ പദ്ധതി- അവലോകനം	1-30
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	മെഡിസെപ് പ്രിമീയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടു വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	വായ്പ/വായ്പാതിരിച്ചടവ്	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8

9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1-1 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തോളൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.06.2025-ലെ 4(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 21-06-2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തോളൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ

തീയ്യതി:07.10.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല.

1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 49,22,214 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)16,35,041 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-4 വാർഷിക കണക്ക് പ്രകാരവും സുലേഖ ചെലവ് പത്രിക / ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരവുമുള്ള ചെലവ് പ്രൊജക്ട് പ്രകാരമുള്ള യഥാർത്ഥ ചെലവിനേക്കാൾ അധികമായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.191/25- എൽ എഫ് സ്കൂൾ റോഡ് റീടാറിങ്ങ് എന്ന പ്രൊജക്ടിനായി 2024-2025 വർഷം ആകെ ചെലവഴിച്ചത് 13,08,846 രൂപയാണ് (മെയിന്റനൻസ്ഗ്രാന്റ് റോഡ്- വൗച്ചർ നം.42401071/19.07.24, ₹6,54,423, വൗച്ചർ നം.42401001/30.10.24, ₹6,54,428). ഈ പ്രോജക്ടിന്റെ അടങ്കൽ തുക ₹6,54,428 രൂപയാണ്. എന്നാൽ കരാറുകാരന് തെറ്റായി ₹6,54,428 രൂപ അധികം നൽകിയിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മേൽ പ്രൊജക്ടിലെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് 13,08,846 രൂപയാണ്. മാത്രമല്ല, വാർഷിക കണക്കിലും മേൽ പ്രൊജക്ട് പ്രകാരമുള്ള ചെലവ് അധികമായി രേഖപ്പെടുത്തിയിട്ടുണ്ട്. 415110003 – Roads Tarred എന്ന ശീർഷകത്തിൽ വൗച്ചർ നം.42401071/19.07.25 വൗച്ചർ നം.42401001/30.10.25 എന്നിവ പ്രകാരം ₹13,08,846 ബുക്ക് ചെയ്തിട്ടുണ്ട്. തത്ഫലമായി ബാലൻസ് ഷീറ്റിൽ 415110003 – Roads Tarred എന്ന ശീർഷകത്തിൽ ₹6,54,423 തെറ്റായി അധികം രേഖപ്പെടുത്തപ്പെട്ടു. ആയത് 2025-26 സാമ്പത്തിക വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

1-1-5 പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 431100104 Receivables For Property Tax On Non-Residential Buildings (Arrears) എന്ന ശീർഷകത്തിൽ ₹54,296 രൂപ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ടി ഡിമാന്റ് തുകകൾ ഏതെല്ലാം വർഷത്തേതാണെന്ന് വ്യക്തമല്ല. പിരിച്ചെടുക്കാൻ

അവശേഷിക്കുന്ന തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-6 അഡ്വാൻസ് ശീർഷകത്തിലെ നീക്കിയിരിപ്പ് ആസ്തിയായി ക്രമീകരിച്ചിട്ടില്ല

460500402 - Advance To Costford എന്ന ശീർഷകത്തിൽ ₹16,70,000 നീക്കിയിരിപ്പുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ടി തുക വനിതാവ്യവസായ കേന്ദ്രം കെട്ടിടനിർമ്മാണത്തിനായി കോസ്റ്റ് ഫോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. വനിത വ്യവസായ കേന്ദ്രം നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. അഡ്വാൻസ് ശീർഷകത്തിലെ മേൽ തുക ആസ്തിയായി ക്രമീകരിക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാകാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ടി വിവരവും ലഭ്യമാക്കേണ്ടതാണ്.

1-1-7 പാർട്ട് ബിൽ നൽകിയ തുകകൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

2024-25 വർഷത്തിൽ പാർട്ട് ബിൽ നൽകിയതും എന്നാൽ പൂർത്തിയാകാത്തതുമായ പ്രവൃത്തികളുടെ ചെലവും കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നമ്പരും പേരും	തുക
249/25- വനിതാ വ്യവസായ കേന്ദ്രത്തിൽ കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ്	₹1,02,950
36/25- MCF നവീകരണം	₹5,40,000
271/25- തോളൂർ കുരിശുപള്ളി കല്ലിപ്പാടം റോഡ് റീടാറിങ്ങ്	₹1,37,346
217/25- വിവിധ അംഗൻവാടികൾ, MCF, തോളൂർ വനിത വ്യാപാര കേന്ദ്രം എന്നിവിടങ്ങളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ	₹2,31,557
ആകെ	10,11,853

1-1-8 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകൾ, വൗച്ചറുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

1-1-9 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വരുമാന ശീർഷകം	ജേണൽ വൗച്ചർനം./തീയതി	ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക
110100101-Property Tax On Residential Buildings	42401228/31.03.25	18,82,682
110100102-Property Tax On Non Residential Buildings	42401229/31.03.25	12,82,081
130100101-Rent From Buildings	42401296/31.03.25	2,33,493
140110101-Licence Fees For Factories, Traders, Entepreneuors And Other Services	42401299/31.03.25	2,43,900
110200105-Profession Tax- Traders	42401309/31.03.25	2,40,870
110200101-Profession Tax-Institutions	42401295/31.03.25	42,500

മേൽ അപാകം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-10 വസ്തുനികുതി- വാർഷിക കണക്കും സഞ്ചയ ഡി.സി.ബി.യും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തൻവർഷം

റെസിഡൻഷ്യൽ

	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	18,83,912
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	18,77,468 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)

നോൺ-റെസിഡൻഷ്യൽ

	കളക്ഷൻ

"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	12,72,740
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	12,72,052 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)

കുടിശ്ശിക

നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	55,700	4,013
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	55,698 *(2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (6588+51895= 58483*100/105	3,994 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)

1-1-11 മൂലധനച്ചെലവുകൾ അനുയോജ്യമായ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല

താഴെചേർക്കുന്ന മൂലധനച്ചെലവുകൾ അനുയോജ്യമായ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പകരം റവന്യൂച്ചെലവായി ചെലവ് ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ട് നമ്പരും പേരും	തുക	ഫണ്ടിനം	വൗച്ചർ നം./ തീയതി, തുക	ചെലവ് ബുക്ക് ചെയ്ത ശീർഷകം
1	78/25-അങ്കണവാടികൾക്ക് ഫർണീച്ചർ വാങ്ങൽ	₹4,50,000	റോഡിതരം	42401148/14.03.2025, ₹2,50,000 42401149/14.03.2025, ₹2,00,000	251170104-Anganwadi Related Services

2025-26 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിക്കേണ്ടതാണ്.

1-1-12 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, നോട്ട്സ് ടു അക്കൗണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) &(എഫ്)).

1-2 ബജറ്റ്

ബജറ്റ് പാസാക്കിയ തിയതി കമ്മിറ്റി തീരുമാനം/			
കമ്മിറ്റി തീരുമാനം		12.02.2024 1 (1)	
പ്രതീക്ഷിത വരവ് /ചെലവ് എന്നിവ		വരവ്	ചെലവ്
		21,20,42,219	20,58,17,190
റിവൈസ്ഡ് ബഡ്ജറ്റ് പാസാക്കിയ തിയതി /കമ്മിറ്റി തീരുമാനം	19.03.2025 30(1)	21,54,37,273	20,59,95,130

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	0	1,36,95,000	1,36,95,000	1,36,75,002	19,998
വികസന ഫണ്ട്-എസ്.സി.പി (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	0	64,35,000	64,35,000	61,25,301	3,09,699
വികസന ഫണ്ട്-ടി.എസ്.പി (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	0	0	0	0	0
മെയിന്റനൻസ്ഗ്രാന്റ്, റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	0	1,35,92,000	1,35,92,000	1,35,92,000	0
മെയിന്റനൻസ്, നോൺ-റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	0	89,46,000	89,46,000	80,20,811	9,25,189
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്)	6,73,352	24,29,941	31,03,293	21,13,770	9,89,523
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	5,68,248	49,36,000	55,04,248	22,45,720	32,58,528
പെർഫോമൻസ് ഗ്രാന്റ്(ബേസിക്)	0	2,53,152	2,22,068	2,22,068	31,084
അൺടൈഡ് ട്രഷറി	0	4,00,000	4,00,000	3,83,437	16,563
ദുരിതാശ്വാസനിധി	16,880	672	17,552	0	17,552
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)					
TSC	1,29,944	0	1,29,944	0	1,29,944
ICDS	8,17,961	9,63,481	17,81,442	5,79,200	12,02,242
മറ്റേതെങ്കിലും ഫണ്ടുകൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം ഹെൽത്ത് ഗ്രാന്റ് (KL 281)	3,03,230	5,32,965	8,36,195	2,97,972	5,38,223
ഹെൽത്ത് ഗ്രാന്റ് (KL 278)	1,41,231	3,26,739	4,67,970	1,29,483	3,38,487

CFC(Tied,Untied) എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകകളാണ്.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	അംഗീകരിച്ച പദ്ധതി അടങ്കൽ തുക	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കിയ പദ്ധതി ചെലവ് തുക	നടപ്പാക്കിയ പദ്ധതിതുകയുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
244	10,25,54,218	191	6,02,58,457	58.75	78.2

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം		മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ		4611	1580444	1585055	1585055	0
ഗുണഭോക്താകൾക്ക് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ്	നേരിട്ട്	0	15045659 +3012313 = 17358960	15045659 +2313301 = 17358960	15045659 +2313301 = 17358960	0
		0				0
ആകെ		4611	18939404	18944015	18944015	0

വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

1-6 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	63,45,400	388
വിധവാപെൻഷൻ	1,38,11,100	877
വാർദ്ധക്യകാലപെൻഷൻ	2,33,38,400	1,603
വികലാംഗപെൻഷൻ	33,41,000	216
അവിവാഹിത പെൻഷൻ	17,20,000	112

1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.07.2025 തീയതിയിൽ 2.45 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള 2,792 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണവുമായി ബന്ധപ്പെട്ട് കാണപ്പെട്ട പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-9 IFTE & OS ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിച്ചു വരുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1624 താമസേതര കെട്ടിടങ്ങളുണ്ട്. അതുപോലെ ഹരിത കർമ്മസേനയുടെ കണക്കു പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 892 സ്ഥാപനങ്ങളുണ്ട്. എന്നാൽ 397 സ്ഥാപനങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ IFTE & OS ലൈസൻസ് എടുക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം എത്ര സ്ഥാപനങ്ങളാണുള്ളത് എന്നും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/11.07.25) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വാർഡ് തല ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതും, ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. IFTE & OS ലൈസൻസ് എടുക്കാത്തതുമൂലം ലൈസൻസിനുള്ള തനത് വരുമാനം മാത്രമല്ല, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നീ ഇനങ്ങളിലും തനതുവരുമാനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-10 കരാറുകാരിൽ നിന്നും തൊഴിൽനികുതി,സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

1. താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രശീതിയുടെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/11.7.25) തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	അർദ്ധ വാർഷികം
1	ബി.എസ്.എൻ.എൽ	I, II

ബി.എസ്.എൻ.എൽ തൊഴിൽ നികുതി അടവാക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിന്റെ വിവിധ മരാമത്ത് പ്രവൃത്തികൾ എറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രശീതിയുടെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/11.7.25) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കരാറുകാരന്റെ പേര്
1	എ.ആർ. മുരളീധരൻ, അമ്മാനത്ത് ഹൗസ്, തങ്കല്ലൂർ പി.ഒ
2	അങ്കിൽ ശശി, തച്ചപ്ര, വില്ലടം പി.ഒ
3	വിൽസൺ എൻ.എൽ., നെയ്യൻ ഹൗസ്, അകമല
4	രാഗേഷ് കെ.ആർ., കുളങ്ങര വളപ്പിൽ ഹൗസ്, കുളത്തഴടം, പാർളിക്കാട്
5	ഷോബി ഇ.ടി., എലുവത്തിങ്കൽ ഹൗസ്, പേരാമംഗലം
6	ബേബി എ.ഡി., അരിമ്പൂർ ഹൗസ്, കുരിയച്ചിറ, തൃശൂർ
7	മനോജ് റാഫേൽ, കുപ്പി ഹൗസ്, കല്ലൂർ പി.ഒ, ആമ്പലൂർ
8	വിനീഷ്, എറുവപ്പട്ട ഹൗസ്, കുമരനെല്ലൂർ, പരുത്തിപ്ര
9	ബൈജു പി.ഒ, പറൻങ്ങാടൻ ഹൗസ്, തങ്ങാലൂർ, അവണൂർ
10	ജയരാജൻ, പട്ടത്ത് ഹൗസ്, കാറളം, തൃശൂർ

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

1-11 വനിത വ്യവസായ കേന്ദ്രത്തിന്റെ മുറികൾ ഒഴിഞ്ഞു കിടക്കുന്നു

കോസ്റ്റ് ഫോർഡ് 2022-ൽ പണി പൂർത്തീകരിച്ചിട്ടുള്ള വനിത വ്യവസായ കേന്ദ്രത്തിന്റെ 7 മുറികളിൽ (5/130 A മുതൽ G വരെ) 1 മുറി മാത്രമാണ് 2024-25 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ബാക്കിയുള്ള 6 മുറികൾ ഒഴിഞ്ഞു കിടക്കുകയാണ്. മുൻ സാമ്പത്തിക വർഷങ്ങളിലും ഈ മുറികൾ ഒഴിഞ്ഞു കിടന്നിരുന്നു.വനിത വ്യവസായ കേന്ദ്രത്തിലെ മുറികൾ വാടകക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ഈ മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നതുമൂലം ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള ആസ്തികൾക്ക് അവയുടെ ഉദ്ദേശ ലക്ഷ്യം കൈവരിക്കാനാകുന്നില്ല. മുറികൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് തനതു വരുമാനത്തിൽ സാമ്പത്തിക നഷ്ടം സംഭവിക്കുന്നുണ്ട്.

ആയതിനാൽ വരും സാമ്പത്തിക വർഷങ്ങളിൽ മുറികൾ ലേലം ചെയ്ത് വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.23/14.7.25)

1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ ചേർത്ത സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായോ, അടവാക്കിയ സംഗതികളിൽ തുക ബാങ്ക് പാസ്ബുക്കിൽ ലഭ്യമായതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	അർദ്ധ വാർഷികം	ജീവനക്കാരുടെ എണ്ണം / റിമാർക്സ്
1	സേവന ഹൈടെക് ലാബ് പറപ്പൂർ	I, II	അപേക്ഷയിലില്ല
2	ഡോ. കെയർ ഡെന്റൽ സ്പെഷ്യാലിറ്റി ക്ലിനിക്	I, II	ഡോക്ടർ – 1 അസിസ്റ്റന്റ് – 1
3	ഗ്രാന്റ് ലബോറട്ടറി	I, II	അപേക്ഷയിലില്ല
4	പ്രിയദർശിനി നീതി മെഡിക്കൽ ലബോറട്ടറി, പറപ്പൂർ	I, II	മറ്റ് ജീവനക്കാർ – 3
5	തോളൂർ സാമൂഹ്യാരോഗ്യ കേന്ദ്രം	I, II	25000 (1240105212/29.03.25) 11500 7550(II) (1240104068/03.03.25)
6	വില്ലേജ് ഓഫീസർ, തോളൂർ	I, II	7500(I) (1240105228/29.03.25) 8750(II) (1240105229/29.03.25)

ക്രമ നം.5, 6 എന്നിവയിലെ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ രശീതി മുഖന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ തുക ബാങ്ക് പാസ്ബുക്കിൽ ലഭ്യമായ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.21/11.7.25 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ (ക്രമ നം.1 മുതൽ 4 വരെ) നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതും, ക്രമ നം.5,6 എന്നിവയിലെ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ തുക ബാങ്ക് പാസ്ബുക്കിൽ ലഭ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-13 ഗ്രാപഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന ടർഫിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ 01.04.2023 മുതൽ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും ഓരോ വർഷവും നിരക്കുകളിൽ വരുത്തേണ്ട വർദ്ധനവിന്റെ ശതമാനവും സ.ഉ. (അച്ചടി) നം. 25/2023/LSGD തിയതി. 5.04.2023 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം വാണിജ്യ സ്വഭാവത്തോട് കൂടിയ ടർഫുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 25 രൂപ മുതൽ 45 രൂപ വരെയുള്ള നിരക്കുകൾ പഞ്ചായത്തിന് ചുമത്താവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 5.05.2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 6(2) -ാം നമ്പർ തീരുമാന പ്രകാരം ടർഫുകൾക്ക് (വാണിജ്യ സ്വഭാവത്തോട് കൂടിയവ) അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു ചതുരശ്ര മീറ്ററിന് 25 രൂപ എന്ന് നിശ്ചയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ പറപ്പൂർ എഫ്.സി. സോക്കർ സ്കൂൾ, ചാലക്കൽ റോഡ്, പറപ്പൂർ എന്ന ടർഫ് പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിന് കെട്ടിടനമ്പർ നൽകി വസ്തുനികുതി ഈടാക്കുന്നുണ്ടെങ്കിൽ കെട്ടിട നമ്പർ, വസ്തുനികുതി അടവാക്കിയ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/14.07.25) മറുപടി ലഭ്യമാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA (1) ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. അതുപോലെ ടർഫുകൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന ടർഫുകൾ കണ്ടെത്തി, അവ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല, സർക്കാർ ഉത്തരവിന്റെ(സ.ഉ.(കൈ) 77/2023/ത.സ്വ.ഭ.വ തീയതി 22.3.2023)തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

1). കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ

വ്യവസ്ഥ ചെയ്തിട്ടുണ്ട്. പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/14.7.25) മറുപടി ലഭ്യമാക്കിയില്ല.

2). 2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുവിധേയമായി ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തിയതോ അല്ലെങ്കിൽ സ്വയം സംഭവിച്ചതോ ആയ മാറ്റങ്ങളുടെ വിവരങ്ങൾ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് പിഴ ഒഴിവാക്കി വിവരം നൽകുന്നതിന് 22.03.2023 തീയതിയിലെ സ.ഉ. (കൈ) 77/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ, കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പറിന് പരമാവധി 30 രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ സ.ഉ. (കൈ) 77/2023/ത.സ്വ.ഭ.വ, തീയതി.22.3.2023 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/14.7.25) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ്തല പരിശോധന നടത്തുന്നതിനുള്ള വേതന നിരക്ക് വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയുടെ 06.06.2024 തീയതിയിലെ 3.12 നമ്പർ തീരുമാന പ്രകാരം, 100 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 50 രൂപയായും, 100 സ്ക്വയർ മീറ്റർ മുതൽ 300 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപയായും 300 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 75 രൂപയായും ഉയർത്തിയിട്ടുണ്ട്.ആയതിനാൽ സർക്കാർ ഉത്തരവുകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല

വി.ഇ.ഒ. (എടക്കളത്തൂർ സർക്കിൾ) 77/25–വിവിധ വാർഡുകളിലെ ഭവനങ്ങൾക്ക് ബയോബിൻ വിതരണം എന്ന പ്രോജക്ടിനായി പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ഓഡിറ്റ് സമയം വരെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

രസീത് ബുക്ക് നമ്പർ	രസീത് നമ്പറുകൾ, തീയതി	പിരിച്ചെടുത്ത തുക
10449	23/ 29.03.25	173
	24/01.04.25	173
	25,26,27,28 / 04.04.25	173 X 4 = 692
	29/07.04.25	173
	30/11.04.25	173
	31/26.04.25	173
ആകെ		1,557

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2) പ്രകാരം പിരിച്ചെടുത്ത തുക അതാത് ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ട്രഷറിയിൽ അടവാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 16 പ്രകാരം കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തിദിവസം പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.
ഗുണഭോക്തൃവിഹിതം അടവാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (15/10.7.25) കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ സാങ്കേതികതടസ്സം മൂലമാണ് തുക അടവാക്കാതിരുന്നത് എന്ന് നിർവഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 06.06.25 ന് പഞ്ചായത്തിന് കത്ത് നൽകിയതായും വി ഇ ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് 19.07.25-ന് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ ഡേബുക്ക് പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. തുക പ്ലാൻ (ബജറ്റ് ഇന്റഗ്രേഷൻ) എന്ന ഹെഡിലാണ് അടവാക്കിയിട്ടുള്ളത്.
ഈ തുക യഥാർത്ഥ ഹെഡിലേക്ക് (Beneficiary Contribution) മാറ്റുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പിരിച്ചെടുത്ത തുകകൾ യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 ഇ ടെണ്ടർ ഫീ- ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല

ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോം വില / ടെണ്ടർ ഫീ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, വിലങ്ങൻ ശാഖയിലുള്ള 37172272088 നമ്പർ അക്കൗണ്ടിലാണ് നിക്ഷേപിച്ചുവരുന്നത്. രേഖകൾ പരിശോധിച്ചതുപ്രകാരം മേൽസൂചിപ്പിച്ച അക്കൗണ്ടിൽ 31.03.2025-ന് 2,55,225 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി – 22/11.07.25).

1-17 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്റ്റ്-കരാറുകാരന് തുക നൽകിയതിൽ ഇരട്ടിപ്പ് -തുക പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

പ്രോജക്റ്റ്	191/25എൽ എഫ് സ്ക്കൂൾ റോഡ് റീടാറിംഗ് (സ്റ്റീൽ ഓവർ)
ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ്(റോഡ്)
അടങ്കൽ-	6,54,428
ചെലവ്	13,08,846
മുൻ വർഷ പ്രോജക്റ്റ് നം	30/24
മുൻ വർഷ ചെലവ്	ഇല്ല
ഭരണാനുമതി	14/6/23 ,5(3)
സാങ്കേതികാനുമതി	LSGD/CELSGD/EST TS/88290/2023 5- 1 -1/17.8.23, 600,000
കരാറുകാരൻ എഗ്രിമെന്റ് -	എ.ആർ.മുരളീധരൻ 21/AE/LSGD/TLR/2023 -24,3.10.23.
എസ്റ്റിമേറ്റഡ് പി എ സി ക്വാട്ട് ചെയ്ത തുക(L1)	5,08,454.08 5,58,755.80(9.893088 % Above)
പി എ സി	5,54,600 (നെഗോഷിയേറ്റഡ് ഷെഡ്യൂൾ പ്രകാരം)
ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം	11.9.23,2/3
Letter Of Acceptance പ്രകാരമുള്ള തുക	5,54,600/26.9.23
Defect Liability Period	1 Year
സൈറ്റ് കൈമാറിയ തീയതി	13/10/23

പ്രവൃത്തി പൂർത്തീകരിച്ച തീയതി	27.02.24
ഇ .എം ബുക്ക്	LSGD/CELSGD/MB/88290/2023 5 1 1

ഫൈനൽ ബിൽ

ആകെ പ്രവൃത്തി മൂല്യം	5,54,596
GST(18%)	99,827
TOTAL	6,54,423
CGST	5,546
SGST	5,546
IT	5,546
WWF	5,546
Revenue (Cost Of Empty Barrel)	6,459
RECOVERIES	28,643
Payment To Contractor	6,25,780

ക്രമ നമ്പർ	വൗച്ചർ നമ്പർ/തീയതി	തുക
1.	42401071/19.07.24	6,54,423
2.	42401001/30.10.24	6,54,423

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ മേൽ പദ്ധതിക്കായി കരാറുകാരനായ ശ്രീ.മുരളീധരന് 6,25,780 രൂപയാണ് അനുവദിക്കേണ്ടത്. (ബിൽ തുകയായ 6,54,423 രൂപയിൽ നിന്ന് നിയമാനുസൃത നികുതികൾ 28,643 കഴിച്ചുള്ള തുക) എന്നാൽ മേൽ രണ്ടു വൗച്ചറുകളിലായി 13,08,846 രൂപ പിൻ വലിച്ച് കരാറുകാരനായ ശ്രീ.മുരളീധരന്റെ അക്കൗണ്ടിലേക്ക്,(അക്കൗണ്ട് നം- 30037986520, SBI) 12,51,560 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (UTR.NO -RB12152430990355/2.8.24 , UTR.NO -RB13302448519199/23.11.24) BRN – 24130152030100430481, 24130152030100846744, District Treasury,Thrissur)

ഇപ്രകാരം കരാറുകാരനായ ശ്രീ.മുരളീധരന്റെ അക്കൗണ്ടിലേക്ക് രണ്ടു തവണയായി തുക അധികം കൈമാറിയ സാഹചര്യവും, സുലേഖ സ്റേററ്റുമെന്റിലും അടങ്കൽ തുകയേക്കാൾ അധികം ചെലവു രേഖപ്പെടുത്തിയ സാഹചര്യത്തിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/07.07.25) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ 11.07.2025ന് ചുവടെ ചേർക്കുന്ന പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മേൽ പ്രവൃത്തി 2023-24 വർഷത്തിൽ P-No:30/24 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും 27.02.2024-ൽ പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചിരുന്നതാണ്. ടി ബിൽ Q-Bill ആയി ട്രഷറിയിൽ നിന്നും തിരികെ ലഭിച്ച് ഓഫീസിൽ സൂക്ഷിച്ചിരുന്നതായിരുന്നു. മേൽ Q-Bill Process ചെയ്യാതെ 2024-25 വർഷത്തിലെ Spill Over Project അംഗീകരിച്ചതിനുശേഷം 191/25 നമ്പർ പ്രകാരം ടി പ്രവൃത്തിയിലൂടെ ബിൽ സാംഖ്യയിൽ കൂടി BIMS മുഖേന ട്രഷറിയിൽ സമർപ്പിച്ച് 02.08.2024-ൽ തുക കരാറുകാരന് കൈമാറിയിട്ടുള്ളതായി ഫയലിൽ നിന്നും മനസ്സിലാക്കുന്നു.14.10.2024-ൽ AN-ൽ AEയുടെ ചുമതലയേറ്റ ശേഷം ഓഫീസിൽ സൂക്ഷിച്ചിരുന്ന Q-Bill Process ചെയ്തു. ടി ബില്ലുകൾ BIMS നേരിട്ടാണ് ലഭ്യമാക്കിയത്. സാംഖ്യയിൽ കൂടി പ്രൊസസ് ചെയ്യേണ്ടതായി വന്നിട്ടില്ലാത്തതാണ്. ടി ബിൽ പ്രോസസ് ചെയ്ത് 30.10.2024-ൽ ട്രഷറിയിൽ സമർപ്പിച്ച് പേമെന്റ് നടത്തുകയാണുണ്ടായത്. ബില്ലിനോടൊപ്പമുള്ള പ്രൊസീഡിങ്സ്-ൽ (30/24) 2023-24 വർഷത്തെ പ്രൊജക്ട് നമ്പറാണ് രേഖപ്പെടുത്തിയിരുന്നത് (30/24) സാംഖ്യ വഴിയില്ലാത്തതിനാൽ മുൻപ് നടന്ന പേമെന്റ് (191/25 പ്രകാരമുള്ളത്) തിരിച്ചറിയാൻ സാധിച്ചിട്ടില്ല. 2024-25 വർഷത്തെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ കൂടുതൽ തുക റിഫ്ളക്ട് ചെയതിരുന്നുവെങ്കിലും Technical Error ആയിട്ടാണ് കരുതിയത്. 2024-25 വർഷത്തെ GST File ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയപ്പോഴാണ് ഓരേ വർക്കിന് വ്യത്യസ്ത പ്രൊജക്ട് നമ്പറുകളിൽ രണ്ടു തവണകളിലായി കരാറുകാരന് തുക നൽകിയതായി ബോധ്യപ്പെട്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് അറിയിപ്പ് നൽകിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് രേഖാമൂലം അറിയിപ്പ് നല്കി, ടി തുക പലിശസഹിതം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി സർക്കാരിലേക്ക് തിരിച്ച് അടവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ്.
31.07.2025-ന് തോളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം കരാറുകാരനായ ശ്രീ. എ.ആർ. മുരളിധരന് അധികമായി നൽകിയ 6,25,780 രൂപ തോളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള കേരള ഗ്രാമീൺ ബാങ്കിലെ A/C No.40629101058934 ലേക്ക് NEFT വഴി അടവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ബാങ്ക് പാസ്ബുക്കിന്റെ കോപ്പി മറുപടിയോടൊപ്പം ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് തുക അടവാക്കി വിവരം ബോധിപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
കരാറുകാരന് അധികമായി നൽകിയ മേൽ തുകയും പലിശയും ചേർത്ത്, സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതും, രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണ വകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-18 വനിതകൾക്ക് മെനുസ്ട്രുവൽ കപ്പ് - പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പിലാക്കിയ വനിതകൾക്ക് മെനുസ്ട്രുവൽ കപ്പ് (144/25) എന്ന പ്രൊജക്ട് പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും (അടങ്കൽ തുക ₹35,000) ₹34,953 (വൗച്ചർ നം.42401100/തിയതി.03.02.2025) ഉപയോഗിച്ച് മെനുസ്ട്രുവൽ കപ്പ് 332 എണ്ണം നിയമപ്രകാരമുള്ള ക്വട്ടേഷൻ മുഖാന്തിരം റിലീഫ് സർജിക്കൽസ്, കണ്ണനായ്ക്കൽ സെന്റർ, കേച്ചേരി (ഇൻവോയ്സ് നം. RA-435/24-25 Dtd. 10.01.2025) എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്ത രേഖകൾ എന്നിവ പ്രകാരം 332 മെനുസ്ട്രുവൽ കപ്പുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും 273 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളു. 59 എണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ട്. മെനുസ്ട്രുവൽ കപ്പുകൾ പൂർണ്ണമായും വിതരണം ചെയ്യാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/10.07.2025) മറുപടിയായി അടുത്ത ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കുന്നമുറയ്ക്ക് വിതരണം നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനു മുമ്പുതന്നെ ആവശ്യമായ ഗുണഭോക്താക്കളുടെ എണ്ണം ഉറപ്പുവരുത്തേണ്ടതാണ്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി മെനുസ്ട്രുവൽ കപ്പുകൾ പൂർണ്ണമായും വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 തുക മുൻകൂർ നൽകിയിട്ടും നാളിതു വരെ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 3624001800000019 IFSC: PUNB0362400) താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഒരു പ്രൊജക്ടിലൊഴികെ മറ്റ് പ്രൊജക്ടുകളിലൊന്നും തന്നെ മരുന്നുകൾ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നമ്പരും പേരും	പ്രൊഫോർമ ഇൻവോയ്സ് നമ്പർ / തീയതി	വൗച്ചർ നം. തീയതി.	ഫണ്ടിനം	തുക	നാളിതു വരെ ലഭിച്ച മരുന്നുകളുടെ മൂല്യം	ബാക്കി ലഭിക്കേണ്ട മരുന്നുകളുടെ മൂല്യം
7/25-തോളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഡയാലിസിസ് യൂണിറ്റി ലേക്ക് കിറ്റ് വാങ്ങൽ (അടങ്കൽ – ₹5,00,000)	PRF 3348/31.01.2025 ₹4,67,483	42401164/ 19.02.25	മെയിന്റൻസ് ഗ്രാന്റ്- നോൺറോഡ്	4,67,483	Invo.No. 16254/ 15.3.25-123913 Invo. No.105/ 03.04.25-35,123	2,24,114

					Invo. No. 163/ 04.04.25-14,470 Invo. No. 291/ 08.04.25-10,791 Invo. No. 1872/ 19.05.25-14,470 Invo. No.3485/ 21.06.25-44,602 ---------- ആകെ - 2,43,369	
	PRF 4016/ 04.032025 ₹31,259	42401184/06.03.25		31,259	ലഭിച്ചിട്ടില്ല	31,259
140/25-മാരക രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ (അടങ്കൽ – ₹5,00,000)	PRF 4585/20.032025 ₹4,99,908	42401110/21.03.25	മെയിന്റൻസ് ഗ്രാന്റ്-നോൺറോഡ്	4,99,908	ലഭിച്ചിട്ടില്ല	4,99,908
141/25-എസ്.സി.വയോജനങ്ങൾക്ക് മാരക രോഗങ്ങൾ- മരുന്ന് വാങ്ങൽ (അടങ്കൽ – ₹1,60,000)	PRF 4518/ 19.032025 ₹73,345	42401124/19.03.25	വികസന ഫണ്ട് (എസ്.സി.പി)	73,345	ലഭിച്ചിട്ടില്ല	73,345
4/25-അതി ദാരിദ്ര നിർമ്മാർജ്ജനം – മരുന്ന് വാങ്ങൽ (അടങ്കൽ – ₹30,000)	PRF 3289/ 28.01.2025 ₹25,649	42401182/06.03.25	വികസന ഫണ്ട് – ജനറൽ	25,649	ലഭിച്ചിട്ടില്ല	25,649
	PRF 3844/ 24.02.2025 ₹4,273	42401185/06.03.25		4,273	ലഭിച്ചിട്ടില്ല	4,273
3/25-പാലിയേറ്റീവ് കെയർ പ്രോഗ്രാം (അടങ്കൽ – ₹8,00,000) വികസന ഫണ്ട് (ജനറൽ) ₹6,00,000), ജില്ല പഞ്ചായത്ത് (₹2,00,000)	PRF 3845/ 24.02.2025 ₹13,152	42401187/06.03.25	വികസന ഫണ്ട് – ജനറൽ	13,152	ലഭിച്ചിട്ടില്ല	13,152
	PRF 3613/ 12.02.2025 ₹1,51,405	42401183/06.03.25		1,51,405	ലഭിച്ചിട്ടില്ല	1,51,405

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/10.07.2025) മറുപടിയായി മരുന്ന് ലഭ്യമാക്കുന്നതിന് കത്ത് മുഖാന്തിരവും, ഫോൺ മുഖാന്തിരവും സ്ഥാപനവുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ താഴെ പറയുന്ന പ്രോജക്ടുകളുടെ രശീതി/ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	നിർവ്വഹണ ഏജൻസി	വൗച്ചർ നം./ തിയതി	തുക (₹)
1	11/25 ഐ.കെ.എം.ന് അടവാക്കേണ്ട തുക (വികസന ഫണ്ട് ജനറൽ)	എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ	42401035/ തിയതി. 13.12.2024	60,000
2	304/25 തോളൂർ വനിത വ്യവസായ കേന്ദ്രത്തിൽ സോളാർ പ്ലാന്റ് (വികസന ഫണ്ട് ജനറൽ)	ജില്ല എഞ്ചിനീയർ അനർട്ട് ഓഫീസ് അയ്യന്തോൾ	42401120/ തിയതി. 19.03.2025	2,00,000

മേൽ പട്ടികയിലെ പ്രോജക്ടുകളിൽ നിർവ്വഹണ ഏജൻസികളിൽ നിന്നുള്ള വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06/10.07.2025) മറുപടിയായി വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-21 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം, ഹോമിയോ) എന്നിവർ നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് മുൻകൂറായി തുക നൽകിയെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല .

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

നിർവഹണ ഉദ്യോഗ സ്ഥൻ	പ്രോജക്ട്	വൗച്ചർ നം./തുക	പ്രഫോർമ ഇൻവോയ്സ്	കൈപ്പറ്റിയ ഏജൻസി	ലഭ്യമായ മരുന്നുകൾ	ബാക്കി
